# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2572** **12.02.2019-ൽ മറുപടിയ്ക്ക്**

**പട്ടികജാതി -ഗോത്ര വർഗ്ഗക്കാർക്കുള്ള ഭവന പദ്ധതികൾ**

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്ക് പുതുതായി എത്ര വീടുകൾ അനുവദിച്ചെന്നും അവയിൽ എത്ര വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ച 23801 വീടുകളിൽ 15657 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2007-08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ അവശേഷിച്ച വീടുകളിൽ 9243 വീടുകൾ കൂടി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂമിയുള്ള ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് 2016-17 സാമ്പത്തികവർഷം വകുപ്പിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. ആയതിൽ 143 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 6025 ഗുണഭോക്താക്കൾക്ക് പുതിയ വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്കും ലൈഫ് മിഷൻ പ്രകാരം വീട് അനുവദിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | ബി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ ഭവനങ്ങളുടെ പുരോഗതി വിവരം ശേഖരിച്ചു നൽകുന്നതാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം 3533 സ്പിൽ ഓവർ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനായി 2018-19 സാമ്പത്തികവർഷം 6025 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ലൈഫ് മിഷൻ സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | അംബേദ്കർ ഗ്രാമം പദ്ധതി, ഹാംലെറ്റ് പദ്ധതി ഇവ പ്രകാരം എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 267 പട്ടികജാതി കോളനികളിൽ നവീകരണ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 121 പട്ടികജാതി കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>ഹാംലെറ്റ് പദ്ധതി പ്രകാരം 2013-14 വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ 45 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അംബേദ്കർ സങ്കേത വികസന പദ്ധതി പ്രകാരം 101 പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തതിൽ 30 കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികജാതി- ഗോത്ര വർഗ്ഗക്കാർക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര വീടുകൾ അനുവദിച്ചുവെന്നും അവയിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ; | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏറനാട് മണ്ഡലത്തിൽ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 176 വീടുകളിൽ 146 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 വർഷം ഹഡ്കോ, പി.വി.ടി.ജി പദ്ധതി പ്രകാരം ചാലിയാർ പഞ്ചയാത്തിലെ 5 പട്ടികവർഗ്ഗക്കാർക്കും , ലൈഫ് മിഷൻ പദ്ധതി പ്രകാരം 2018-19 വർഷം എടവണ്ണ പഞ്ചായത്തിലെ ഒരു ഗുണഭോക്താവിനും വീട് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഭവനങ്ങളൊന്നും പൂർത്തീകരിച്ചിട്ടില്ല. |
| ഇ) | ലൈഫ് പദ്ധതി തുടങ്ങുന്നതിന് മുൻപ് പട്ടികജാതി- ഗോത്ര വർഗ്ഗക്കാർക്ക് നിലവിലുണ്ടായിരുന്ന ഭവന പദ്ധതികൾ ഏതെല്ലാമായിരുന്നു; പ്രസ്തുത പദ്ധതികൾ ഇപ്പോഴും നിലവിലുണ്ടോ; വ്യക്തമാക്കുമോ? | ഇ) | ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് വകുപ്പ് നടപ്പാക്കി വന്നിരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുമുഖേന വിതരണം ചെയ്യുന്നു. പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകൾക്ക് നിലവിൽ തുക അനുവദിച്ചു വരുന്നുണ്ട്. 2018-19 വർഷം പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്.<br>ജനറൽ ഹൗസിംഗ്, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, ഹഡ്കോ ലോൺ മുഖേനയുള്ള പദ്ധതി, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികൾ മുഖേനയാണ് ലൈഫ് മിഷൻ പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന നിർമ്മാണ ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്നത്. ആയതിൽ ജനറൽ ഹൗസിംഗ് ഒഴികെയുള്ള പദ്ധതികൾ വിവിധ സാമ്പത്തിക വർഷങ്ങളിൽ പ്രത്യേകമായി ഭവന നിർമ്മാണത്തിന് ഉൾക്കൊള്ളിച്ച പദ്ധതികളാണ്. നിലവിൽ ജനറൽ ഹൗസിംഗ് പദ്ധതി മാത്രമാണ് ഉള്ളത്. |

Hari

**സെക്ഷൻ ഓഫീസർ**